# നഗരാധികാരത്തിന്റെ അധിനിവേശങ്ങൾ— ആലാഹയുടെ പെൺമക്കളിൽ

ഉപഭോഗപരമായ അപമര്യാദകളുടെ അഭിനിവേശങ്ങളും അതിൽ നിന്നുളവായ അധിനിവേശങ്ങളുമാണ് അധികാരത്തിന്റെ ഇന്നത്തെ രൂപവികാസങ്ങൾക്കു പിന്നിലുള്ളത്. പിടിച്ചുനിൽക്കാൻ പൊരുതുന്ന ദൗർബല്യങ്ങളുടെ നാരുകൾ മുതൽ നിലനിൽപ്പിന്റെ ശക്തിയുള്ള പ്രയാണങ്ങൾവരെയുള്ള വേരോട്ടങ്ങളാണ് പ്രതിരോധങ്ങൾക്ക് ഇടം നൽകുന്നത്. Survival of the fittest and struggle for the existance എന്ന ഡാർവിൻ സിദ്ധാന്തം പ്രപഞ്ചത്തിലെ എല്ലാ അധികാരങ്ങളെയും പ്രതിരോധങ്ങളെയും നിർവചിക്കുന്നു. അതിജീവിച്ചവൻ അധികാരിയാവുന്നു. അതിജീവനത്തിനായി ശ്രമിക്കുന്നവന്റേതാണ് പ്രതിരോധം.

അധികാരത്തിനും പ്രതിരോധത്തിനും അവയുടെ പ്രകാശനത്തിനും എണ്ണമറ്റ മുഖങ്ങളുണ്ട്. എഴുത്തിലൂടെയും വാക്കുകളിലൂടെയും ദൃശ്യങ്ങളിലൂടെയും രൂപംതേടുന്ന ഒന്നാണിത്. സാഹിത്യം രണ്ടിനും പോന്ന ഒരു വഴിയാണ്. അധികാര-പ്രതിരോധങ്ങളെ അക്ഷരങ്ങൾകൊണ്ട് ആലേഖനം ചെയ്യുക മാത്രമല്ല സാഹിത്യം ചെയ്യുന്നത്. മറിച്ച് എഴുതി അധികാരം പ്രയോഗിക്കുകയും എഴുതി പ്രതിരോധം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു നയം കൂടിയാണത്. സാഹിത്യംകൊണ്ട് സൃഷ്ടിച്ചെടുത്ത പ്രതിരോധമാണ് ഫ്രഞ്ചു വിപ്ലവം. തോമസ് പെയിൻ എഴുതി പ്രസിദ്ധം ചെയ്ത ലഘുലേഖകൾ ആണ് ഫ്രഞ്ചുവിപ്ലവത്തിനു തുടക്കം കുറിച്ചത്. എഴുത്തുതന്നെ ഒരു പ്രതിരോധമാണ്, ചിലപ്പോൾ അധികാരവും ആണത്. വാമൊഴിയേക്കാൾ പ്രബലത അഥവാ അധികാരം വരമൊഴിക്കുണ്ടെന്നതിനാലാണ് ഭൂമിയിലെ അധികാരങ്ങളെല്ലാം എഴുത്തിലൂടെ

ഉറപ്പിക്കപ്പെടുന്നത്. എന്നാൽ അതിനേക്കാളുപരി,സാഹിത്യം പ്രതിരോധതന്ത്രമായി വായിക്കപ്പെടുന്നു. അങ്ങനെ നോക്കുമ്പോൾ ഭക്തികൊണ്ടും കാൽപനികതകൊണ്ടും യഥാതഥസത്യങ്ങൾകൊണ്ടും ശാസ്ത്രനൈപുണി കൊണ്ടുമെല്ലാം മനുഷ്യർ തീർക്കുന്ന പ്രതിരോധങ്ങളുടെ ചരിത്രമാണ് സാഹിത്യമെന്നു കാണാം.

ജീർണ്ണതയ്ക്കു വിധേയപ്പെട്ട ഭൗതികതയിൽ നിന്ന് അനശ്വരതയ്ക്കു കടപ്പെട്ട ആത്മാവിനേയും അതിന്റെ ഉടമയായ ജീവിതത്തെയും സ്ഥലകാലാധികാരങ്ങളിൽ നിന്നും വിടർത്തിയെടുക്കാനുള്ള മാർഗ്ഗങ്ങളാണ് പ്രതിരോധങ്ങൾ. സ്ഥലവും കാലവും ചുറ്റുപാടുകളും സഹജീവികളും തീർക്കുന്ന പ്രതിസന്ധികളെ ജീവിതംകൊണ്ട് പ്രതിരോധിക്കുന്നവരുടെ കഥകളും നിലപാടുകളും വഴികളുമാണ് സാഹിത്യം കൈകാര്യം ചെയ്യുന്നത്. പ്രതിരോധം രൂപപ്പെടുമ്പോൾ അത് എന്തിനെതിരെ എന്നതിനെ അടിസ്ഥാനമാക്കി അധികാരത്തെ വായിച്ചെടുക്കാം. ശക്തിയോടെ പ്രയോഗിക്കപ്പെടുന്ന അധികാരത്തെ നേരിടാൻ ദുർബ്ബലവിഭാഗങ്ങൾ മെനയുന്ന തന്ത്രങ്ങളാണ് പ്രതിരോധങ്ങൾ.

"ഞങ്ങൾ പുല്ലുകൾ
ഒരു കൊടുങ്കാറ്റിനും
തകർക്കാനാവാത്തവർ....."

എന്നവരികൾ ദുർബ്ബലത സ്വയംകണ്ടെത്തുന്ന പ്രതിരോധമാണ്. പെണ്ണെഴുത്ത് എന്ന പ്രയോഗംതന്നെ അധികാരത്തെയും പ്രതിരോധത്തെയും ഒരുപോലെ വെളിപ്പെടുത്തുന്ന താക്കോൽവാക്കാണ്. മലയാളസാഹിത്യത്തിൽ അടുത്ത കാലത്തുണ്ടായ സ്ത്രീരചനകളിൽവെച്ച് വളരെ ശ്രദ്ധേയമായ സാറാജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ' എന്ന നോവൽ ശക്തമായ ചില അധികാരങ്ങളെയും വ്യക്തമായ ചില പ്രതിരോധങ്ങളെയും വെളിവാക്കുന്നുണ്ട്. കെ.എസ് രവികുമാറിന്റെ വാക്കുകളിൽ "പ്രാന്തീകരിക്കപ്പെട്ട പെണ്മ തങ്ങളുടെ കീഴാളത തിരിച്ചറിയുകയും, അതിനെ പ്രതിരോധത്തിന്റെ ആയുധമാക്കുകയുമാണിവിടെ." അധിനിവേശങ്ങളുടെ ആഖ്യാനമാണീ നോവൽ. കോക്കാഞ്ചിറയുടെ ചരിത്രമാണിതിലെ പ്രതിപാദ്യം. സ്ഥലകാലങ്ങളിൽ ഊന്നിനിന്നുകൊണ്ട് നടത്തുന്ന ഏതൊരാഖ്യാനവും സംസ്കാരത്തിന്റെ അടയാളപ്പെടുത്തൽ എന്ന നിലയിൽ കൂടുതൽ ജനകീയവും കൂടുതൽ സാമൂഹികവുമായ ചരിത്രമായി മാറുന്നു. ചരിത്രത്തെക്കുറിച്ചുള്ള ഈയൊരു കാഴ്ചപ്പാടിൽ ആലാഹയുടെ പെൺമക്കൾ, കോക്കാഞ്ചിറ എന്ന ഗ്രാമത്തിന്റെ– മുഖ്യധാരാസമൂഹങ്ങൾ പുറന്തള്ളിയ ഒരു പ്രാന്തവൽകൃതസമൂഹത്തിന്റെ

ചരിത്രമാണ്. പലരുടെ വിവരണങ്ങളിലൂടെയാണ് കോക്കാഞ്ചിറ യുടെ ചരിത്രം പൂർണ്ണതയിലെത്തുന്നത്. ആനിയെന്ന പെൺകുട്ടിയുടെ ചിന്തയും അവൾക്ക് കിട്ടുന്ന കേൾവികളും കാഴ്ചകളുമാണ് കോക്കാ ഞ്ചിറയെ വായനക്കാരനു വ്യാഖ്യാനിച്ചു തരുന്നത്. ആനിയുടെ മനസ്സു പറഞ്ഞ കഥ, അമ്മാമയുടെ വാമൊഴി ചരിത്രം, തോട്ടികൾ പറഞ്ഞ കഥ, ഒരിറച്ചിവെട്ടുശാലയുടെ കഥ എന്നിങ്ങനെ വ്യത്യസ്ത വീക്ഷണപ ഥങ്ങളിലൂടെ ഈ ചരിത്രം വാർന്നു വീഴുന്നു.

മനുഷ്യന്റെ ഭാഗധേയത്തെ നിർണ്ണയിക്കുന്നതിൽ ഒരു നാടിനുള്ള പങ്കുപോലെ തന്നെ പ്രധാനമാണ് ഒരു നാടിന്റെ ഭാഗധേയം നിർണ്ണ യിക്കുന്നതിൽ മനുഷ്യർക്കുള്ള പങ്കും. കോക്കാഞ്ചിറയിലെ മനുഷ്യരെ അങ്ങനെയാക്കുന്നത് ആ നാടിന്റെ ചരിത്രവും സംസ്കാരവുമാണ്. അതങ്ങനെ ആക്കിയതാവട്ടെ അവിടത്തെ മനുഷ്യർ തന്നെയാണ്. "ആരീം പറഞ്ഞിട്ട് കാര്യല്ല്യ കുട്ടാവേ, ഇത് അങ്ങൻത്തെ ഒര് സലണ്. കണ്ടോടത്ത്ന്നൊക്കെ, ആളില്ല്യത്ത ശവങ്ങളും ചത്തതും ചീഞ്ഞതും ഒക്യാകൊണ്ടന്ന് ഇവിട്യാ തട്ടും. തല്ലിക്കൊന്ന പേപ്പട്ടീണ്ടാവും. തെണ്ടൻ തല്ലിച്ചത്ത പോത്തുണ്ടാവും." എന്നിങ്ങനെയുള്ള അമ്മാമയുടെ വാമൊഴി കഥാചരിത്രത്തിലെ വരികൾ ഇത് വ്യക്തമാക്കുന്നു. കൊടിച്ചി യങ്ങാടി എന്ന മേൽവിലാസം നാണിച്ചു മരിക്കാൻ തക്കവിധം അപക ടമാണ് എന്ന് ആനി തിരിച്ചറിയുന്നതും അങ്ങനെയാണ്.

വലിച്ചിഴച്ചു കൊണ്ടു വരുമ്പോൾ ആൾക്കാരെക്കൊണ്ട് പ്രാകിക്കു ന്ന ശവങ്ങളെ, "ശവങ്ങളായി തീർന്നതിനു ശേഷമാണ് തങ്ങളുടെ ജീവിതം മെച്ചപ്പെട്ടതെന്ന്" ആനിയുടെ മനസ്സ് വ്യാഖ്യാനിക്കുന്നു. അതായത്, തങ്ങൾക്കു താഴെ പിന്നെ ആരും ഇല്ലാത്ത മനുഷ്യരും, തങ്ങളുടെ ആവാസവ്യവസ്ഥയ്ക്കു താഴെ വേറെ അടരുകളില്ലാത്ത ജീവ വ്യവസ്ഥയുമാണ് കോക്കാഞ്ചിറയിൽ ഉള്ളടങ്ങുന്നത് എന്ന് ശവങ്ങളും തിരിച്ചറിയുന്നു എന്ന് സാരം. കോക്കാഞ്ചിറ നഗരം പുറന്തള്ളിയവരുടെ ലോകമാണ്. പുറന്തള്ളപ്പെട്ട സംസ്കാരമാണ് കോക്കാഞ്ചിറയുടെത്. ഗ്രാ മങ്ങളെ ഗ്രസിച്ചുകൊണ്ട് വളർന്ന നഗരം അതിന്റെ വളർച്ചക്കുവേണ്ടി പുറന്തള്ളിയവർ ഒക്കെ കോക്കാഞ്ചിറയിൽ എത്തി. ആനിയും അമ്മാ മ്മയും കുട്ടിപാപ്പനും ഒക്കെ നഗരം പുറന്തള്ളിയവരുടെ കൂട്ടത്തില്പ്പെട്ടവ രാണ്. കടലെടുത്തുപോയ സംസ്കാരങ്ങളെപ്പോലെ, നഗരം അധിനിവേ ശിച്ച് ഒടുങ്ങിയും ഇടുങ്ങിയും പോകുന്ന ഒരു സംസ്കാരത്തെ വീണ്ടെടുക്കു കയാണ് ഇവിടെ സാറാ ജോസഫ് ചെയ്യുന്നത്. നാഗരികതയുടെ കടന്നു കയറ്റങ്ങളിൽ അമർന്നു പോയ ഒരു ജനതയുടെ സ്ഥലകാലവേരുകളും

ഭാഷയും ഒക്കെ വീണ്ടെടുക്കുന്ന പ്രക്രിയയാണത്. ഈ വീണ്ടെടുപ്പ് നോവലിസ്റ്റ് സാധ്യമാക്കുന്നത് പ്രധാനമായും ഭാഷയിലൂടെയാണ്.

ഇതിലെ 'ഭാഷയും പ്രതിരോധാത്മകമാണ്. ഒരു സംസ്കൃതിയുടെയോ വർഗ്ഗത്തിന്റെയോ, സ്വത്വാവിഷ്കാരം നടത്തുന്നതിൽ അവരുടെ വാമൊഴിക്കുള്ള പങ്ക് പ്രധാനമാണ്. കീഴാള ജനവിഭാഗത്തിന്റെ പ്രതിരോധത്തിന്റെ ഗൂഢമന്ത്രമായിത്തീർന്ന പ്രാർത്ഥനകൾ ആലാഹയുടെ പെൺമക്കളിൽ പുനരാവർത്തിക്കപ്പെടുന്നു. പുരുഷൻമാരായ പള്ളീലച്ചൻമാർക്കുമാത്രം അവകാശപ്പെട്ട പിശാചിനെ ഒഴിക്കൽ ആനിയുടെ അമ്മാമ്മയ്ക്കു ഹൃദിസ്ഥമാണ്. അമ്മാമ്മയുടെ ഭാഷ ഭാഷയുടെ പിത്രാധികാരത്തെ അതിജീവിച്ചുനിൽക്കുന്ന ഒന്നാണ്. നഗരാധിനിവേശത്തിനു കീഴ്പ്പെടാതെ നില്ക്കുന്ന ഒന്നായി ഈ ഭാഷയെ പുനഃസൃഷ്ടിക്കുക വഴി നോവലിസ്റ്റ് ശക്തമായ ഒരു പ്രതിരോധം സൃഷ്ടിക്കുകയാണ്. മുഖ്യധാരാസമൂഹങ്ങളുടെ ഭാഷാധിപത്യത്തെയും അതുവഴി അവരുടെ സംസ്കാരത്തെയും നോവൽ വെല്ലുവിളിക്കുന്നു. അധികാരത്തിന്റെയും നഗരത്തിന്റെയും ഭാഷയെ പൊളിച്ചെഴുതുന്ന കഥാപാത്രങ്ങളെയും അവരുടെ ഭാഷയെയും രൂപപ്പെടുത്തുന്നതിനൊപ്പം തന്നെ അധികാരത്തിനു വിധേയപ്പെട്ട - വ്യവസ്ഥപ്പെടുത്തിയ നഗരഭാഷ സംസാരിക്കുന്ന കുട്ടിപ്പാപ്പനെയും നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. ഗ്രാമീണഭാഷയെ പ്രാകൃതമെന്നു വിശേഷിപ്പിക്കുന്ന നഗരസംസ്കാരത്തിനെതിരെയുള്ള പ്രതിരോധമാണ് നോവലിലൂടെ പ്രകാശിതമാകുന്ന ഭാഷ. ഈ ഭാഷ കോക്കാഞ്ചിറയുടെ സാമൂഹിക സ്വത്വത്തെ നിർണ്ണയിക്കുന്ന വലിയ ശക്തിയായി നിലകൊള്ളുന്നു. നല്ലതെന്ന് അവരോധിതമായ ഭാഷയും വാക്കുകളും കയ്യിലില്ലാത്തവർ അവ്യവസ്ഥിതവും പ്രാകൃതവുമായ ഭാഷാസ്വത്വംകൊണ്ട് പ്രതിരോധിക്കുന്നത് വ്യവസ്ഥപ്പെട്ട അധികാരങ്ങളോടാണ്. അങ്ങനെ നഗരം രൂപപ്പെടുത്തിയ അച്ചടിഭാഷയുടെ വ്യവസ്ഥകൾക്കും വ്യവസ്ഥാപിതമായ വ്യാകരണനിയമങ്ങൾക്കും വഴങ്ങാത്ത— ഒരിടത്തും രേഖപ്പെടുത്താത്ത ഭാഷകൾക്കുള്ള ഇടമായി ഈ നോവൽ വികാസം പ്രാപിക്കുന്നു.

അധികാരം അധിനിവേശങ്ങളായി ഗ്രാമീണതയെ വ്രണിതമാക്കുമ്പോഴാണ് പ്രതിരോധം എന്ന അന്തർലീനത വിവിധരൂപങ്ങളിൽ ഉയർന്നു വരുന്നത്. നഗരം പുറന്തള്ളിയവർക്ക്, സാമ്പത്തികമായും മതപരമായും വിദ്യാഭ്യാസപരമായും സംസ്കാരികമായും സംഭവിച്ച കേടുപാടുകളാണീ ജനതയുടെ സംസ്കാരം. നഗരം അധിനിവേശിച്ചപ്പോഴാകട്ടെ അവർ പിന്നെയും ഇല്ലാതാവുന്നതിലേക്ക് ഒതുങ്ങിക്കൂടുന്നു.

ഉൾവലിവുകളിലൂടെ അവർ ഒടുങ്ങിപ്പോകുന്നു. "പണമുള്ളവർ അങ്ങനെയാണ്, എന്തിനെയും അവർ സ്വന്തം കാൽച്ചോട്ടിലേക്കൊതുക്കും" എന്ന് കുട്ടിപ്പാപ്പൻ ആനിയോടു പറയുന്നുണ്ട്. അപ്പോൾ നഗരത്തിന്റെ സ്വത്വം കടന്നുകയറി ഇല്ലാതെയാക്കിയ ഒരു ഗ്രാമീണ സ്വത്വബോധത്തെ, അതിലെ നന്മകളെയൊക്കെയാണ്, സാറാ ജോസഫ് കാണിച്ചുതരുന്നത്.

'കോക്കാഞ്ചിറയിൽ മനുഷ്യരില്ല. പിശാശ്ക്കളാണ്' എന്നു പറയുന്ന മേലാളവർഗ്ഗത്തിനും, കോക്കാഞ്ചിറയിലെ വർഗ്ഗത്തിനും ഇടയിലൂടെ നടന്ന് ആനി ആത്മനിഷ്ഠമായൊരു ദർശനം തരുന്നു. അധികാരം ജനങ്ങളെ പീഡിപ്പിക്കുന്നതിന്റെ മറ്റൊരു മുഖമാണിത്. ശിക്ഷണത്തിന്റെ മ്ലാനമായ ഉത്സവാഘോഷം (Discipline and punish: The birth of person) എന്ന് ഫൂക്കോ വിളിക്കുന്ന ശിക്ഷണ ദൃശ്യത്തിന്റെ അദൃശ്യവും എന്നാൽ അനുഭവപരവുമായ ആവർത്തനമാണിത്. ഒരുപാടാളുകളാൽ ഒരുപാട് കാലംകൊണ്ട് രൂപപ്പെട്ട ശിക്ഷണപരമായ ഒരു വ്യവസ്ഥയാണിത്. കമ്പോളത്തിന്റെ സാമ്പത്തിക ബലതന്ത്രങ്ങൾ കൊണ്ടാണിത് സാധ്യമാകുന്നത്. കോക്കാഞ്ചിറയിൽ നഗരം കടന്നാക്രമിക്കുന്നത് ഇത്തരം കമ്പോളയാഥാർത്ഥ്യങ്ങളുടെയും സാമ്പത്തിക ശക്തികളുടെയും മൂന്നുപാധികൾ കൊണ്ടു തന്നെയാണ്. സംസ്കാരികതയെ പഠിക്കുമ്പോൾ, അതിരുകൾ ഭേദിച്ച് പുതിയ മേഖല രൂപപ്പെട്ടു വരുന്നതിനെക്കുറിച്ചും ഫൂക്കോ വിവരിക്കുന്നുണ്ട്.

അധികാരവും പ്രതിരോധവും രൂപപ്പെടുന്ന വഴികളും നോവൽ വിവരിക്കുന്നുണ്ട്. നാഗരികതയാൽ ഗ്രസിക്കപ്പെടുന്ന ഗ്രാമത്തിന്റെ ചരിത്രമെന്ന നിലയിൽ മാത്രമല്ല, ലോകത്തിലിന്നോളം കണ്ടുവന്ന അധിനിവേശത്തിന്റെയും പിൻവാങ്ങലുകളുടെയും ചരിത്രത്തിന്റെ ഒരു അദ്ധ്യായമെന്ന നിലയിലും ആലാഹയുടെ പെണ്മക്കൾ നിലകൊള്ളുന്നു. അധീശ വർണ്ണങ്ങൾകൊണ്ട് മങ്ങിപ്പോയ ഒരുപാടു തനതു വർണ്ണങ്ങളോട് ചേർത്ത് വായിക്കാവുന്ന ഒരു കൃതിയാണിത്. കമ്പോള സംസ്കാരം യാത്രയെന്ന പേരിൽ ആരംഭിച്ച് അധിനിവേശങ്ങളായി രൂപപ്പെട്ട് അധീശത്വങ്ങളായി വാഴുന്നിടത്ത് പ്രതിഷേധങ്ങൾ രൂപപ്പെടുത്തി, ഒന്നുകിൽ അതിനെ അതിജീവിക്കുകയോ അല്ലെങ്കിൽ അതിൽ നിന്ന് പിൻവാങ്ങുകയോ ചെയ്യുന്ന ലോകചരിത്രത്തിന്റെ കൂട്ടത്തിൽ നഗരമെടുത്തുപോയ ഒരു സംസ്കൃതിയുടെ ചരിത്രമായി ആലാഹായുടെ പെൺമക്കളുടെ കോക്കാഞ്ചിറ ഈ നോവലിലൂടെ വീണ്ടെടുക്കപ്പെടുകയാണ് .

സ്വന്തം ജീവിതത്തിലെ അനുഭവങ്ങളോടും ആവശ്യങ്ങളോടും പ്രതിരോധിക്കേണ്ടി വരുന്നതുകൊണ്ട് പലപ്പോഴും അധികാരങ്ങളെ വച്ചു പൊറുപ്പിക്കേണ്ടി വരുന്ന ഗതികേടും അശക്തരുടേതാണ്. ജീവൻ, പണം, വിശപ്പ്, ദാഹം, വസ്ത്രം, ബന്ധങ്ങൾ എന്നിങ്ങനെ ഒരുപാടാവശ്യങ്ങളോട് പ്രതികരിക്കേണ്ടി വരുന്നിടത്ത് അപ്രസക്തരായവർ നിശ്ശബ്ദരാകേണ്ടി വരുന്നു. അപ്രസക്തർ എന്ന് മുദ്രിതരായവരുടെ അദ്ധ്വാനവും കായികശേഷിയും ഭൂമിക്കും അതിലെ ആവാസവ്യവസ്ഥയ്ക്കും ഏറ്റവും അത്യാവശ്യമാണ്. എന്നിരിക്കിലും മുഖ്യധാരാസമൂഹത്തിന്റെ ഭൂപടത്തിൽ അവരുടെ പേരോ ദേശമോ ഭാഷയോ സംസ്കാരമോ അടയാളപ്പെടുന്നില്ല.

ജൻമി-കുടിയാൻ വ്യവസ്ഥിതി മുതലുള്ള ചരിത്രം ഇത്തരത്തിൽ അന്യവൽക്കരിക്കപ്പെടുന്നവരുടെ ചരിത്രമാണ്. ഭക്ഷണം കഴിക്കണമെങ്കിൽ പണിയെടുക്കാൻ ആളുവേണം. എന്നാലും ഭക്ഷണം കഴിക്കുന്നവരുടെ മേശയിൽ പണിക്കാരൻ പലപ്പോഴും അപ്രസക്തനാണ്. വിരുന്നുകാരായെത്തിയ ആര്യൻമാർ ദ്രാവിഡരെ അപ്രസക്തരാക്കി. വിരുന്നുവന്ന വിദേശികൾ സ്വദേശീയരെ അപ്രസക്തരാക്കി. ആലാഹയുടെ പെൺമക്കൾ കാണിച്ചു തരുന്ന ജനതയും അവരുടെ നാടും ഇത്തരത്തിൽ നഗരം വിരുന്നിനെത്തുമ്പോൾ അപ്രസക്തമാവുകയാണ്.

പലപ്പോഴും ഫലപ്രദവും പ്രസക്തവുമായ ഒരു പ്രതിരോധം സൃഷ്ടിച്ചെടുക്കാൻ കഴിയുന്നിടത്താണ് അതിന്റെ വിജയം സ്ഥിതി ചെയ്യുന്നത്. ഫലപ്രദമായ ഒരു പ്രതിരോധം ഇന്ത്യൻ ജനത സൃഷ്ടിച്ചതിനാലാണ് വിദേശികൾ നാടുവിട്ടതും ഇന്ത്യ സ്വതന്ത്രമായതും. ഇത്തരം പ്രതിരോധങ്ങളിൽ നിന്ന് മനുഷ്യനെ തടയുന്നത് അധികാരം കല്പിച്ചുണ്ടാക്കുന്ന ഭയം,ആശ്രിതത്വം മുതലായ വികാരങ്ങളാണ്. താഴേക്കിടയിലുള്ളവർക്ക് അവകാശപ്പെട്ടതു കൂടി കവർന്നെടുത്ത് അവരെ വരുതിക്കു നിർത്തുന്ന, നിസ്സഹായരാക്കുന്ന അധികാരത്തിന്റെ ചിത്രവും നോവലിൽ ആവിഷ്കൃതമാകുന്നു. കോക്കാഞ്ചിറവാസികൾ പുഴുപ്പച്ചരി തിന്ന് ജീവിക്കുന്നവരാണ്. മുക്കിലെ ചാക്കുവിന്റെ പീടികയിൽ അരിയുണ്ട്, പക്ഷേ, കോക്കാഞ്ചിറക്കാർക്ക് അവിടന്ന് അരി കിട്ടില്ല. മുക്കിലെ ചാക്കുവിന്റെ കടയിൽ വന്ന് നോട്ടുകൾ വാരിയെറിഞ്ഞിട്ട് അരികൊണ്ട് പോകുന്നവരുണ്ട്. എന്തുകൊണ്ടാണ് കോക്കാഞ്ചിറക്കാർക്ക് അരിയില്ലാത്തത്? കോക്കാഞ്ചിറക്കാർക്ക് അഞ്ചണയുടെ അരി വാങ്ങാനുള്ള കാശേ ഉള്ളൂവെന്ന് അമ്മാമ പറയുന്നു.

മേലാളസംസ്കാരം കീഴാളരിൽ നിന്ന് പലതും കയ്യടക്കുകയും അവർക്കവകാശപ്പെട്ട നിഷേധിക്കുകയുമാണ്. എന്തുകൊണ്ടാണ്

അരിയില്ലാത്തത് എന്ന് തിരിച്ചറിയണമെങ്കിൽ അറിവ് വേണം. വിദ്യാഭ്യാസം വേണം. പക്ഷേ, അവർക്കത് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കോക്കാഞ്ചിറക്കാരിയെന്ന പേരിൽ ആനി അപമാനിക്കപ്പെടുന്നുണ്ട്, നോവലിൽ. ആനിയെ തൊട്ട കൈ കഴുകുന്ന ടീച്ചർമാർ മേലാളവർഗ്ഗത്തിന്റെ മനോഭാവം വ്യക്തമാക്കുന്നു. "കൈയ് നല്ലോണം കഴുകിക്കോളൂ മാർത്തേ, കോക്കാഞ്ചറേന്ന് വരണ പിശാശ്ക്കളാ" എന്ന അമ്മിണിയമ്മ ടീച്ചറിന്റെ ഉപദേശം അധികാരത്തിന്റെ മറ്റൊരു മുഖമാണ്. ഇതിനോടു പ്രതിരോധിക്കാനാവാതെ ആനി നിസ്സഹായയാവുകയാണ്. കോക്കാഞ്ചിറയുടെ പേരു മാറ്റണം എന്നാണ് അവളുടെ മനസ്സിൽ അപ്പോൾ തോന്നുന്നത്. ആരാണീ നാട്ടുണ്ടാക്കിയത്, നാടിന്റെ പേരിൽ ഇങ്ങനെ ഒരു കുട്ടി പരിഹസിക്കപ്പെടരുത് എന്നെല്ലാം അവളുടെ മനസ്സ് അങ്ങുമിങ്ങും ഉഴറുന്നു.

ഉള്ളിൽ പ്രതിഷേധത്തിന്റെ അഗ്നിയുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ പ്രതിരോധിക്കാനാവാത്തതിന്റെ നോവും നോവലിൽ കാണാം. ഈ നോവലിലെ കുട്ടിപ്പാപ്പൻ എന്ന കഥാപാത്രം കാര്യവിവരമുള്ളയാളാണ്. അയാൾക്ക് പലതും അറിയാം. പക്ഷേ, അയാൾ രോഗിയാണ്, സ്വരമുയർത്തിയാൽ അയാൾ ചുമച്ച് അവശനാകും. ഇയാൾ നല്ലൊരു പ്രതീകം കൂടിയാണ്. കാര്യങ്ങളറിയാവുന്നവർ പലപ്പോഴും പ്രതിരോധിക്കാൻ ശക്തിയില്ലാത്തവരാകുന്നു. അയാളുടെ ശക്തി ചോർന്നു പോയതാണ്. കുട്ടിപ്പാപ്പൻ ക്ഷയരോഗിയാണ്. ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ, പ്രതിരോധിക്കാനാവാത്ത വിധം ദുർബ്ബലപ്പെടുത്തുന്ന അധിനിവേശങ്ങളാണ് അവരെ നിശ്ശബ്ദരും ശൂന്യരും ആക്കുന്നത്.

ഏതവസ്ഥയിലും അടിച്ചമർത്തപ്പെടലുകളോടും നിഷേധങ്ങളോടും ഇല്ലായ്മകളോടും മനുഷ്യൻ പ്രതിരോധിക്കും, പക്ഷേ മിക്കവാറും പ്രതിരോധങ്ങൾ, "നായർ വിശന്നു വലഞ്ഞു വരുമ്പോൾ കായക്കഞ്ഞിക്കരിയിട്ടില്ല, ആയതു കേട്ടു കലമ്പിച്ചെന്നവനായുധമുടനെ കാട്ടിലെറിഞ്ഞു...... അതു കൊണ്ടരിശം തീരാത്തവനാപ്പുരയുടെ ചുറ്റും മണ്ടി നടന്നു..."എന്ന് കുഞ്ചൻ നമ്പ്യാർ പാടിയത് പോലെ അവസാനിച്ചു പോകുന്നു. ഈ നോവലിൽ ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ലാസർ നോനവിനെ തല്ലുന്നത് പോലെയുള്ളവ. ഇത്തരം പ്രതിരോധങ്ങൾകൊണ്ട് ഫലപ്രദമായൊരു പൊളിച്ചെഴുത്ത് നടക്കുന്നില്ല. "ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരേ, നിങ്ങൾ തൻ പിൻമുറക്കാർ" എന്ന് ചങ്ങമ്പുഴ പാടുന്നിടത്ത്, മലയപ്പുലയൻ നിസ്സഹായനും നിശബ്ദനുമാണെങ്കിലും,

വരും തലമുറയ്ക്ക് ഊർജ്ജം പകരുന്ന ഒന്ന് അയാളുടെ നിശബ്ദതയിലുണ്ട്. പിൻതലമുറക്കാരെ ഊറ്റം കൊള്ളിക്കാൻ ഈ വരികൾക്കാവുന്നുമുണ്ട്.

അമരപ്പന്തൽ ഒരു പ്രതീകമാണ്. വെള്ളപ്പൊക്കം, ക്ഷയരോഗം എന്നിവയും പ്രതീകവൽക്കരിക്കപ്പെടുകയാണ് നോവലിൽ. നാഗരികതയുടെ വെള്ളപ്പൊക്കം കടപുഴക്കി ചുറ്റിപ്പിടിച്ച് വലിച്ചെറിഞ്ഞ ഒരു ജനതയുടെയും സംസ്കാരത്തിന്റെയും പ്രതീകമായി നോവലിന്റെ അവസാനത്തിൽ പ്രത്യക്ഷപ്പെടുന്ന അമരപ്പന്തൽ നോവലിന്റെ തുടക്കത്തിൽ എല്ലാസങ്കടങ്ങൾക്കും മീതേ പടർന്നു പുഷ്പിച്ചു നിന്ന കോക്കാഞ്ചിറഗ്രാമത്തിന്റെയും പ്രതീകമാണ്. ആനിയുടെ സ്വപ്നങ്ങളും അമ്മാമ്മയുടെ അദ്ധ്വാനവും ഈ അമരപ്പന്തലിനെ ചുറ്റിപ്പറ്റിയാണ്. ക്ഷയരോഗിയായ കുട്ടിപ്പാപ്പന്റെ മരണവും ആനിയെന്ന പുതിയ ക്ഷയരോഗിയുടെ പിറവിയും ഒരേ സമയത്താണ്. നഗരാധിനിവേശത്താൽ പുറന്തള്ളപ്പെടുന്ന ഗ്രാമചേതനയുടെ പ്രതീകം തന്നെയാണ് ഇവിടെ ക്ഷയരോഗം.

സാറാ ജോസഫ് തന്റെ എഴുത്തിലൂടെ കോക്കാഞ്ചിറയെന്ന ഈ നാടിനെയും സംസ്കാരത്തെയും വീണ്ടെടുത്തുകൊണ്ട്, ഒരു പ്രതിരോധനിർമ്മിതി സാധ്യമാക്കുകയാണ്. ആധിപത്യങ്ങൾക്കും അധികാരങ്ങൾക്കും എതിരെയുള്ള പ്രതിരോധങ്ങളുടെ നിർമ്മിതിയായി മലയാളത്തിലുണ്ടായിട്ടുള്ള കൃതികൾ സാഹിത്യചരിത്രത്തിലെ എക്കാലത്തെയും മികച്ച സൃഷ്ടികൾ തന്നെയാണ്. ചങ്ങമ്പുഴയുടെ വാഴക്കുല, ഇടശ്ശേരിയുടെ പുത്തൻകലവും അരിവാളും, കെ.ജെ ബേബിയുടെ മാവേലിമന്റം, ആനന്ദിന്റെ ആൾക്കൂട്ടം, മരണസർട്ടിഫിക്കറ്റ്, ഉത്തരായനം, അഭയാർത്ഥികൾ, മരുഭൂമികൾ ഉണ്ടാവുന്നത്, നാരായന്റെ കൊച്ചരേത്തി തുടങ്ങി മികച്ച കൃതികൾ മലയാളത്തിൽ ഏറെയുണ്ട്. എന്നാൽ ആലാഹയുടെ പെണ്മക്കൾ പ്രാന്തവല്ക്കരിക്കപ്പെട്ട ഒരു സമൂഹത്തിലെ, വീണ്ടും പ്രാന്തവൽക്കരിക്കപ്പെടുന്ന സ്ത്രീകളുടെ പ്രതിരോധമനസ്സിന്റെ ഇതിഹാസമാണ്.

സഹായകഗ്രന്ഥങ്ങൾ :

1. ആലാഹയുടെ പെൺമക്കൾ, സാറാജോസഫ് കറന്റ് ബുക്സ്, തൃശ്ശൂർ, 2002.
2. നോവൽ ചരിത്രത്തിന്റെ പാഠഭേദം, ഷാജി ജേക്കബ്, കറന്റ് ബുക്സ്, തൃശ്ശൂർ, 2003.
3. അന്ധനായ ദൈവം, പി.കെ.രാജശേഖരൻ, മലയാളനോവലിന്റെ 100 വർഷങ്ങൾ–ഡി.സി. ബുക്സ്, 1999.

4. സമൂഹമനസ്സും മലയാള നോവലും, ഡോ.പി.കെ. കുശലകുമാരി, മലയാള പഠനഗവേഷണ കേന്ദ്രം, തൃശ്ശൂർ, 2000.

5. സംസ്കാരപഠനം—ചരിത്രം സിദ്ധാന്തം പ്രയോഗം, മലയാള പഠനസംഘം, വള്ളത്തോൾ വിദ്യാപീഠം, മാതൃഭൂമി ബുക്സ്, 2011.

6. ആഖ്യാനത്തിന്റെ അടരുകൾ, കെ.എസ്. രവികുമാർ, ഡി.സി.ബുക്സ്, 2007.

സ്മിത എൽസി സെബാസ്റ്റ്യൻ
അൽഫോൻസ പ്രോവിൻസ്
പാലാ.